**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5652** **16-03-2023 - ൽ മറുപടിയ്ക്ക്**

**സി.എം.ഡി.ആർ.എഫ്. പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എം. വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ സുതാര്യത ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി, cmo.kerala.gov.in എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ബാങ്ക് അക്കൗണ്ട് നമ്പർ, IFSC Code എന്നിവ ശരിയാണെന്നും വില്ലേജ് ഓഫീസർ പിരശോധിച്ച് ഉറപ്പുവരുത്തുന്നു. മതിയായ രേഖകളില്ലാത്ത പക്ഷം അപേക്ഷകനുമായി ബന്ധപ്പെട്ട് കുറവുള്ള രേഖകൾ ശേഖരിച്ച്, സാധുവായ അപേക്ഷ തഹസിൽദാർക്ക് കൈമാറുന്നു. വില്ലേജ് ഓഫീസുകളിൽ നിന്നു പരിശോധനയ്ക്കു ശേഷം ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ തഹസിൽദാർ, ജില്ലാ കളക്ടർ എന്നിവർ സൂക്ഷ്മ പരിശോധന നടത്തി, അപാകതകൾ ബന്ധപ്പെട്ട തലത്തിൽ പരിഹരിച്ച് 10,000/- രൂപ വരെയുള്ള ചികിത്സാ സഹായം ജില്ലാ കളക്ടർ അനുവദിക്കുന്നു. ധനസഹായത്തിന് അർഹതയില്ലായെന്ന് കാണുന്നവ നിരസിക്കുന്നു. ചികിത്സ ചെലവേറിയ മാരകരോഗങ്ങളായ ക്യാൻസർ, വൃക്ക സംബന്ധമായ അസുഖങ്ങൾ, ഹൃദ്രോഗം കൂടാതെ അപകട മരണം, തീപ്പിട്ടുത്തം മൂലം വാസഗൃഹം നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം, പ്രകൃതി ക്ഷോഭം മൂലം ബോട്ട്, വള്ളം, വല എന്നിവ നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം എന്നിങ്ങനെയുള്ള അപേക്ഷകൾ ഓൺലൈൻ ആയി ജില്ലാ കലക്ടർ സർക്കാരിലേക്ക് അയക്കുന്നു. പ്രസ്തുത അപേക്ഷകളിൽ രോഗത്തിന്റെ കാഠിന്യവും തീവ്രതയും മെഡിക്കൽ സർട്ടിഫിക്കറ്റിൽ |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തിയിരിക്കുന്ന ചെലവും അനുബന്ധ രേഖകളും പരിശോധിച്ച് ആനുപാതികമായ ധനസഹായമാണ് അനുവദിക്കുന്നത്. മറ്റുള്ളവയിൽ നിലവിലുള്ള വ്യവസ്ഥയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നു. സ്പെഷ്യൽ സെക്രട്ടറി തലത്തിൽ പരമാവധി 15000 രൂപയും റവന്യൂ വകുപ്പ് മന്ത്രിതലത്തിൽ 25000 രൂപയും, മുഖ്യമന്ത്രി തലത്തിൽ 3 ലക്ഷം രൂപയു അനുവദിക്കുന്നുണ്ട്. ഇങ്ങനെ വിവിധ തലങ്ങളിൽ അനുവദിക്കപ്പെടുന്ന തുക ഉത്തരവായശേഷം DBT മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. അപേക്ഷ സ്വീകരിക്കുന്നതു മുതൽ അപേക്ഷ തീർപ്പാക്കുന്നതു വരെയുള്ള അപേക്ഷയുടെ ഓരോ നീക്കവും സംബന്ധിച്ച വിവരം അപേക്ഷകന്റെ മൊബൈൽ നമ്പറിലേയ്ക്കും ഇ-മെയിലിലേയ്ക്കും സന്ദേശം അയയ്ക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിവരാവകാശനിയമം, എ.ജി.യുടെ ഓഡിറ്റ്, നിയമസഭയുടെ സൂക്ഷ്മ പരിശോധന എന്നിവയ്ക്ക് ബാധകവുമാണ്. |
| (ബി) | പ്രസ്തുത നിധി വഴി തുക നൽകാനുള്ള അധികാരം ആർക്കൊക്കെയാണ് എന്ന് വിശദമാക്കാമോ; | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി തുക അനുവദിയ്ക്കാനുള്ള അധികാരങ്ങൾ മുഖ്യമന്ത്രി, റവന്യൂ & ഭവന നിർമ്മാണ വകുപ്പ് മന്ത്രി, റവന്യൂ സ്പെഷ്യൽ സെക്രട്ടറി, ജില്ലാ കളക്ടർ എന്നവരിൽ നിക്ഷിപ്തമാണ്.<br><br>ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ 03.09.2016-ലെ സ.ഉ.(കൈ) നമ്പർ 492/2016/റവ, 05.02.2018-ലെ സ.ഉ.(കൈ) നമ്പർ 44/2018/റവ എന്നിവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. മൂന്നുലക്ഷം രൂപയിൽ കൂടുതലുള്ള ധനസഹായം മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെയാണ് നൽകുന്നത്. ഇതു കൂടാതെ തീപിടുത്തത്തിൽ വാസഗൃഹം നഷ്ടപ്പെടുന്നവർക്ക് നഷ്ടത്തിന്റെ ശതമാനത്തോത് കണക്കാക്കി നാലു ലക്ഷം രൂപ വരെ മുഖ്യമന്ത്രി തലത്തിൽ അനുവദിച്ചുവരുന്നു. |
| (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി അനർഹരായവർക്ക് തുക ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 25.05.2016 ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ 29, 930 പേരുടെ അപേക്ഷകളിൽ ദുരിതാശ്വാസ നിധിയിൽ നിന്നും ഉത്തരവുപുറപ്പെടുവിച്ചിരുന്നുവെങ്കിലും തുക അനുവദിയ്ക്കപ്പെടാത്തതായി ഉണ്ടായിരുന്നു.<br><br>2016 ജൂൺ മാസം മുതൽ തന്നെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷകൾക്കായി വെബ് സൈറ്റ് |

| | | | |
|---|---|---|---|
| | | | മുഖേനയോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ. നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്ന സംവിധാനം ഏർപ്പെടുത്തി.<br><br>ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ ലഭിച്ചതിൽ ചിലതെങ്കിലും യഥാർത്ഥ അപേക്ഷകൻ തയ്യാറാക്കിയവ അല്ലായെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അനർഹർ നേടിയെടുക്കുന്നതായി സംശയത്തെ തുടർന്ന് എല്ലാ ജില്ലാ കളക്ടറേറ്റുകളിലെയും ബന്ധപ്പെട്ട സെക്ഷനുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. പരിശോധനയുടെ അടിസ്ഥാനത്തിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പഴുതടച്ചുള്ള സംവിധാനം ഒരുക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

Cabinet decision - 31/08,
Item No: 267 O.A.

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

സ.ഉ.(കയ്യെഴുത്ത്) നം: 492/16/റവ. തിരുവനന്തപുരം, തീയതി, 03/09/2016

==========================================================================

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി താഴെപ്പറയും പ്രകാരം ഉയർത്തി ഉത്തരവാകുന്നു.

| | നിലവിലുള്ളത് | ഉയർത്തിയത് |
|---|---|---|
| ജില്ലാ കളക്ടർ | 2,000/- | 10,000/- |
| റവന്യൂ മന്ത്രി | 5,000/- | 25,000/- |
| മുഖ്യമന്ത്രി | 1,00,000/- | 3,00,000/- |

അടിയന്തിര ഘട്ടങ്ങളിൽ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്ന തുക 10,000/- രൂപയായി തുടരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പി.എച്ച്.കുര്യൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

**എല്ലാ ജില്ലാ കളക്ടർമാർക്കും.**

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്)വകുപ്പ്/റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
അക്കൗണ്ടന്റ് ജനറൽ (A & E) തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-ധനസഹായം നൽകുന്നതിനുള്ള നിലവിലെ വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

**സ.ഉ.(കൈ) നം. 44/2018/റവ.** **തിരുവനന്തപുരം** തീയതി- **05/02/2018**

---

<u>ഉത്തരവ്</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള ഓൺലൈൻ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി നിലവിൽ അവലംബിച്ചുവരുന്ന വ്യവസ്ഥകളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 15000/- രൂപ വരെ അനുവദിക്കാൻ റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അപേക്ഷകന് പണം അനുവദിക്കുമ്പോൾ തന്നെ ധനകാര്യവകുപ്പിന്റെ അക്കൗണ്ടിൽ നിന്നും പണം ട്രഷറിയിലേക്കും ട്രഷറിയിൽ നിന്ന് നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേക്കും എത്തിക്കുന്നതിന് ധനകാര്യവകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

3) രോഗങ്ങളുടെ ചികിത്സാ ചെലവിന്റെ അടിസ്ഥാനത്തിൽ, ഡി.ആർ.എഫ് സെക്ഷനിൽ നിന്നും ശുപാർശ ചെയ്യാവുന്ന തുകയുടെ പരിധി ഒന്നര ലക്ഷമായി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഒരു വിദഗ്ധ സമിതിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവിധ രോഗങ്ങൾക്ക് തുക അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ രൂപീകരിച്ച് നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

4) അപകടമരണത്തിന് അനുവദിക്കുന്ന തുക 1 ലക്ഷം രൂപയായി തന്നെ തുടരാവുന്നതാണ്.

5) തീപിടുത്ത കേസുകളിൽ ഉണ്ടാകുന്ന നഷ്ടത്തിന് നിലവിൽ അനവദിക്കുന്ന പരമാവധി തുക 10000/- രൂപയിൽ നിന്നും 15000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

6) മെഡിക്കൽ സർട്ടിഫിക്കറ്റിൽ രോഗങ്ങൾക്ക് വിശ്വാസയോഗ്യമല്ലാത്തവിധം ചികിത്സാചെലവ് പെരുപ്പിച്ച് രേഖപ്പെടുത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തുവാൻ ഡോക്ടർമാർക്ക് നിർദ്ദേശം നൽകുവാൻ ആരോഗ്യവകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച്.കുര്യൻ

അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ കളക്ടർമാർക്കും

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ആരോഗ്യ വകുപ്പ്.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്- പൊതുഭരണ(എസ്.സി) വകുപ്പ്( 24.01.2018-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം.1857 പ്രകാരം)

**ഉത്തരവിൻ പ്രകാരം**

Smitha. A.S.

**സെക്ഷൻ ഓഫീസർ**

5/2/18

4.20

SUPERINTENDENT
General Admn.([illegible]) Dept
Govt. Secretariat
Thiruvananthapuram
Ph. No: 2518400